**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5193** **14-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. കെ. രാജൻ**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 65 അപേക്ഷകളാണ് കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത അപേക്ഷകളിൽ 15 പേർക്ക് പട്ടയം നല്കിയിട്ടുള്ളതാണ്. വില്ലേജ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br><br>പുത്തൻകുരിശ് - 6<br><br>കുന്നത്തുനാട് - 3<br><br>മാറമ്പിള്ളി - 1<br><br>വാഴക്കുളം - 2<br><br>മഴുവന്നൂർ - 3 |
| (സി) | നാളിതുവരെ പട്ടയം നൽകാത്ത അപേക്ഷകൾ എത്രയെന്നും അവ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പട്ടയം നൽകാത്ത 112 അപേക്ഷകൾ നിലവിലുള്ളതും അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>വില്ലേജിൽ നിന്നും റിപ്പോർട്ട് ലഭിക്കാനുള്ളവ - 40<br><br>താലൂക്ക് സർവ്വെയരുടെ റിപ്പോർട്ട് ലഭിക്കാനുള്ളവ - 4<br><br>തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപടിയിലിരിക്കുന്നവ - 32<br><br>താലൂക്കിൽ നടപടിയിലിരിക്കുന്നവ - 16<br><br>ലാന്റ് അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കുവാനുള്ളത് - 20 |

സെക്ഷൻ ഓഫീസർ